**BEFORE THE HON'BLE COURT OF ENQUIRY COMMISSIONER AND SPECIAL JUDGE, THIRUVANANTHAPURAM**

FIRST INFORMATION REPORT

(Under Section 154 Cr.P.C)

1. District : Kollam

   Police Station : Vigilance & Anti Corruption Bureau, Kollam unit

   Year : 2017

   FIR No. : VC-01/2017/KLM

   Date :

2. Act (s) : *Section(s):

   (i) IPC : **Section 420, 409,406 &34**

   (ii) PC Act 1988 : **Sec. 13(2) r/w 13(1) (c) & (d)**

   (iii)

3. Occurrence of Offence :

   (a) Day : Between and Date From :01/2013,January. Date To: 02/2013/February

   Time Period Time From : Time To:

   (b) Information received at P.S: Date. 11.01.17 Time: 16.00 Hrs.

   (c ) General Diary Reference :. Entry No.:17 Time: 00.00 Hrs.

4. Type of Information :Written

5. Place of Occurrence : **Sreedharma Sastha Temple Sasthamkotta.**

   (a) Direction and Distance from P.S : Towards North West, Approx.30 Kms

6. (b) Address : **Sreedharma Sastha Temple Sasthamkotta.**

   (c) In case, Outside the limit of the Police Station :N.A

   Name of P.S: Vigilance & Anti Corruption Bureau District: Kollam

7. Complainant/Informant:

   Name : **Manikuttan@Manikantan**

   Birth Year 46/15, Nationality: Indian

   Passport No. Date of Issue: Place of Issue:

   Occupation :

   Address : **Alayil kizhakkathil**
   **Manakkara village**
   **Sasthamkotta.**

(8) Details of Known/Suspect/Unknown accused with full particulars (attach separate sheet if necessary):

(i) Shri. Perumuttam Radhakrishnan.
(ii) Shri. Aravindakshan Nair.
(iii) Shri. Kesavan.
(iv) Devaswom Board Officers.
(v) Contractor Venkidachalam and his workers.
(vi) Maramathu Engineer.

8. Reason for delay in reporting by the complainant/informant :

9. Particulars of the properties stolen/involved :

10. Total value of property stolen : Rs.1,65,00,000/-

11. Inquest Report/U.D Case No.,if any : N.A

12. **F.I.R Contents**

പ്രതികൾക്ക് ചതി ചെയ്ത് അന്യായ ലാഭം ഉണ്ടാക്കണമെന്നും സർക്കാരിനും, പൊതുജനങ്ങൾക്കും അന്യായ നഷ്ടം ഉണ്ടാക്കണമെന്നുമുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 2013 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ, ആവലാതിക്കാരൻ ശാസ്താംക്കോട്ട ശ്രീ ധർമ്മ ശാസ്താ ക്ഷേത്രത്തിൽ ഉപദേശക സമിതി അംഗമായിരുന്ന സമയം, ടി ക്ഷേത്രത്തിലെ കൊടിമരം സ്വർണ്ണം പൂശുന്നതിന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് 1 മുതൽ 3 വരെ പ്രതികൾ ചേർന്ന് ഭക്തജനങ്ങളിൽ നിന്നും 1,25,85,000/- രൂപ പിരിച്ചെടുക്കുകയും,തന്ത്രിമാർക്ക് ദക്ഷിണ കൊടുത്തതിൽ ക്രമക്കേടുകൾ കാട്ടുകയും, 1 മുതൽ 6 വരെ പ്രതിപാദിച്ചിരിക്കുന്ന പ്രതികളെല്ലാവരും ടി സ്വർണ്ണക്കൊടിമര നിർമ്മാണത്തിൽ തിരിമറി നടത്തി മാറ്റ് കുറഞ്ഞ സ്വർണ്ണം പൂശി, കൊടിമരം ക്ലാവ് പിടിക്കുന്നതിന് ഇടയാക്കി, പ്രതികൾ സർക്കാർ സ്ഥാപനമായ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 1,65,00,000/- രൂപ നഷ്ടം വരുത്തുകയും പ്രതികൾക്ക് അന്യായ ലാഭം ഉണ്ടാക്കിയും പ്രതികളിൽ സർക്കാർ ഉദ്യോഗസ്ഥരായവർ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തും പ്രതികൾ ടി വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിരിക്കുന്നു എന്നുള്ളത്..

13. Action Taken since the above report reveals commission of offence (s) U/s as mentioned at item No.2 registered the case and took up investigation/directed **Shri. A.Prateepkumar, Inspector of Police** to take up the investigation/ refused investigation/ transferred to Police Station ………………… on point of Jurisdiction.

F.I.R. read over to the complainant/informant, admitted to be correctly recorded and a copy given to the complainant/informant, free of cost:

14. Signature/ Thumb Impression of the Complainant/ Informant

11/01/17

Signature of Officer in Charge, Police Station

**V.S.Aji.**
Deputy Supdt. Of Police,
Vigilance & Anti Corruption Bureau,
Kollam unit

Date and Time of dispatch to the court: 11.01.2017 Time 17.00 Hrs

പ്രഥമ വിവരം

ഈ കേസ്സിലെ ആവലാതിക്കാരനായ ശാസ്താംകോട്ട വില്ലേജിൽ, മനക്കരമുറിയിൽ, ആലയിൽ കിഴക്കതിൽ, വേലായുധൻ മകൻ 46 വയസ്സുള്ള മണികണ്ഠൻ എന്നു വിളിക്കുന്ന മണിക്കുട്ടൻ 13-11-2015, 14.30 മണിക്ക് ശാസ്താംകോട്ട പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസ്സർ എസ്സ്.ഷുക്കൂറിനോട് പറഞ്ഞ മൊഴിയുടെ അടിസ്ഥാനത്തിൽ ശാസ്താംകോട്ട പോലീസ് സ്റ്റേഷൻ ക്രൈം 1996/15 U/S 420, 34 IPC പ്രകാരം 1 മുതൽ 6 വരെ പ്രതികൾക്കെതിരെ 13-11-2015, 14.30 മണിയ്ക്ക് ഈ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

ആവലാതിക്കാരന്റെ മൊഴി പ്രകാരം ശാസ്താംക്കോട്ട ശ്രീ ധർമ്മ ശാസ്താ ക്ഷേത്രത്തിലെ കൊടിമരത്തിൽ സ്വർണ്ണം പൂശിയതുമായി ബന്ധപ്പെട്ട് ആരേപിക്കപ്പെട്ട ക്രമക്കേടിനും, ടി വർക്കുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും നിയമാനുസരണം ആവശ്യമുണ്ടായിരുന്നതിൽ കൂടുതൽ പണപ്പിരിവ് നടത്തി പൊതു ഫണ്ട് ദുരുപയോഗം ചെയ്തതിനുമാണ് പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തത്. ആവലാതിക്കാരൻ ശാസ്താംക്കോട്ട ശ്രീ ധർമ്മ ശാസ്താ ക്ഷേത്രത്തിലെ ഉപദേശകസമിതി അംഗമായിരുന്നു. 2013-ജനുവരി, ഫെബ്രുവരി മാസത്തിൽ അമ്പലത്തിലെ കൊടിമരത്തിൽ സ്വർണ്ണം പൂശ്ശിയതിൽ ക്രമക്കേടുകൾ ഉള്ളതായി ബോദ്ധ്യപ്പെട്ടതിനാൽ അവലാതിക്കാരൻ ദേവസ്വം ബോർഡിന് പരാതി കൊടുത്തു. അതിൽ കാര്യമായ അന്വേഷണം ഒന്നും നടക്കാത്തതിനാൽ ആവലാതിക്കാരൻ ഓംബുഡ്സ്മാന് പരാതി കൊടുത്തു. ആയതിന്റെ അടിസ്ഥാനത്തിൽ ജസ്റ്റിസ് ഭാസ്കരൻ അവർകൾ വന്ന് കൊടിമരം പരിശോധിച്ചതിൽ കൊടിമരം ക്ലാവ് പിടിച്ചതായി കാണപ്പെട്ട് അദ്ദേഹം ഹൈക്കോടതിയിൽ റിപ്പോർട്ട് കൊടുത്തു. അദ്ദേഹം അനന്തനാചാരിയെ (മാന്നാർ) കൊണ്ട് ചെക്ക് ചെയ്യിപ്പിച്ച ശേഷമാണ് ബഹു.ഹൈക്കോടതിയിൽ റിപ്പോർട്ട് ഹാജരാക്കിയത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതി കൊടിമരം പുളി വെള്ളത്തിൽ കഴുകി റിപ്പോർട്ട് കൊടുക്കുവാൻ ആവശ്യപ്പെട്ടു. തിരുവാഭരണ കമ്മീഷണർ ശ്രീമതി അനിതയും, കൊടിമരം സ്വർണ്ണം പൂശിയ കോൺട്രാക്ടറുമായ വെങ്കിടാചലത്തിനെയുമാണ് ടി കൊടിമരം പുളി വെള്ളത്തിൽ കഴുകി റിപ്പോർട്ടു നൽകാൻ നിർദ്ദേശിച്ചിരുന്നത്. ഇവരുടെ റിപ്പോർട്ടിൽ യാതൊരുവിധ ക്രമക്കേടുകളും ഇല്ലെന്ന് വരുത്തി തീർത്തിട്ടുള്ളതിനാൽ ഓംബുഡ്സ്മാൻ ഹൈക്കോടതി നിർദ്ദേശപ്രകാരം വീണ്ടും അന്വേഷണം നടത്തി ക്രമക്കേടുകൾ ഉള്ളതായി പറഞ്ഞ് ബഹു ഹൈക്കോടതിക്ക് റിപ്പോർട്ട് ഹാജരാക്കിയിട്ടുള്ളതാണ്. ബഹു ഹൈക്കോടതി ആവശ്യപ്പെട്ടതിൻ പ്രകാരം ദേവസ്വം വിജിലൻസ് എസ്.പി. ശ്രീ ഗോപകുമാർ ഐ.പി.എസ്സിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ഫോറൻസിക് ലാബിലെ ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധിപ്പിച്ചതിൽ സ്വർണ്ണത്തിന്റെ മാറ്റ് കുറഞ്ഞതായും ചെമ്പിന്റെ അംശം കൂടുതലുള്ളതായും കണ്ടെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം പോലീസ് സൂപ്രണ്ട് ബഹു. കോടതിക്ക് റിപ്പോർട്ട് കൊടുത്തിട്ടുള്ളതാണ്. കൊടിമരത്തിന്റെ നിർമ്മാണത്തിനായി 1,25,85,000/- രൂപ ഭക്തജനങ്ങളിൽനിന്നും, പെരുമുറ്റം രാധാകൃഷ്ണനും, അരവിന്ദാക്ഷൻ നായർ, കേശവൻ തുടങ്ങി ക്ഷേത്രോപദേശക സമിതി അംഗങ്ങൾ ചേർന്ന് പിരിച്ചെടുത്ത് ധൂർത്തടിച്ചിട്ടുള്ളതായും, തന്ത്രിമാർക്ക് ദക്ഷിണ കൊടുത്തതിൽ വൻ ക്രമക്കേടു കാണിച്ചതായും ആവലാതിക്കാരൻ ആരോപിച്ചു. സ്വർണ്ണം, കൊടിമരത്തിൽ പൂശിയതിൽ വച്ച് 1,65,00,000/- രൂപ പ്രതികളായ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരും, കോൺട്രാക്ടറും, ടി കൊടിമരത്തിന്റെ

പണിക്കാരും, ക്ഷേത്രോപദേശക സമിതി അംഗങ്ങൾ, മരാമത്ത് എഞ്ചിനീയർ, എന്നിവരെല്ലാം കൂട്ടായി ചേർന്ന് തിരിമറി നടത്തി തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും സമൂഹത്തിനെയും വഞ്ചിച്ചിട്ടുള്ളതാണ് എന്നതാണ് പ്രതികൾക്കെതിരെയുള്ള ആരോപണം.

ടി മൊഴിയുടെ അടിസ്ഥാനത്തിൽ ശാസ്താംക്കോട്ട പോലീസ് സ്റ്റേഷൻ ക്രൈം 1996/15, U/S **420 & 34 IPC** പ്രകാരം 13-11-15-ാം തീയതിയിൽ, 14.30 മണിക്ക് ശാസ്താംകോട്ട SHO ഷുക്കൂർ ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, 14-11-15-ൽ, **406, 409** & 34 **IPC** കൂടി ചേർത്ത് അന്വേഷണം തുടരുന്ന വിവരത്തിന് ബഹുമാനപ്പെട്ട ശാസ്താംകോട്ട കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ഈ കേസിന്റെ അന്വേഷണം 19-1-2016-ാം തീയതി മുതൽ ശാസ്താംകോട്ട സർക്കിൾ ഇൻസ്പെക്ടർ A.പ്രസാദ് ഏറ്റെടുത്തിട്ടുള്ളതുമാണ്. തുടർന്ന് ഗവൺമെന്റിന്റെ, 7-6-16-ാം തീയതിയിലെ ലെറ്റർ നമ്പർ 6125/E2/2016/ വിജി (E) അടിസ്ഥാനത്തിൽ ഫയൽ വിജിലൻസ് അന്വേഷണത്തിനായി കൈമാറ്റം ചെയ്തിട്ടുള്ളതും, വിജിലൻസ് ഡയറക്ടറേറ്റിലെ 3-12-2016-ാം തീയതിയിലെ E-25/20504/16-ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം വിജിലൻസ് യൂണിറ്റിൽ അയച്ചു കിട്ടുകയാൽ കൊല്ലം വിജിലൻസ് യൂണിറ്റ് ക്രൈം VC.01/2017, U/S 13(1) (c) (d) & 13(2) r/w Sec. 406, 409, 420 & 34 IPC പ്രകാരം ഈ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു.

11/01/2017

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
കൊല്ലം യൂണിറ്റ്.

11/01/2017